# *From the*
# Editor's Desk

അളന്നു തിരിച്ച സമയപരിധിയെയാണ് ഒരു ദിവസം എന്ന് നാം പറയുന്നത്. 365 ദിവസങ്ങൾ ചേർത്താണ് ഒരു വർഷം നാം കണക്കാക്കുന്നത്. സൗരയൂഥത്തിന്റെ ഒരു വർഷമായി നാം അതിനെ കാണുന്നു. നമ്മുടെ ജീവിതത്തിലെ ഒരു വർഷമല്ല പ്രത്യുത സൗരയൂഥത്തിലെ ഒരു വർഷമാണ് നമ്മെ വിട്ടു പിരിയുന്നത്. നമ്മുടെ ജീവിതത്തിലെ ഒരു വർഷം എന്നു പറയുന്നത് നമ്മുടെ ജനനദിവസം മുതലാണ് ആരംഭിക്കുന്നത്. ചരിത്രത്തിന്റെ ഒരു വർഷം എന്നു പറയുന്നത് ഒരു പ്രത്യേക ചരിത്രസംഭവം ഉണ്ടായതു മുതലാണ്.

എന്നാൽ ഇപ്പോൾ നമ്മെ വിട്ടുപോയവർഷം എന്നത് ചരിത്രത്തെയോ ജനനത്തെയോ ആസ്പദമാക്കിയ വർഷം അല്ല. സൗരയൂഥത്തിന്റെ ക്രമീകരണത്തിലെ ഒരു വർഷമാണ്. ഈ വർഷത്തിന്റെ പരിധിയിൽ പല സംഭവങ്ങൾ നടന്നിട്ടുണ്ട്.

ജനനം, മരണം, ആപത്ത്, അപകടങ്ങൾ, കഷ്ടത, പട്ടിണി, രോഗം, ദുഃഖം, സന്തോഷം, സമൃദ്ധി ആശ്വാസം, സമാധാനം ഇവകളാൽ ഇടകലർന്ന 365 ദിവസങ്ങൾ കടന്നുപോയി. അതാണ് ഒരു വർഷം. ഇവയിൽ ചിലത് ഓർമ്മയിൽ നിൽക്കുന്നതും മറ്റ് ചിലത് മറന്നുപോകുന്നതും ചിലത് സ്വർണ്ണലിപികളിൽ എഴുതേണ്ടതുമാണ്.

മനുഷ്യൻ മാത്രം ശ്രദ്ധിക്കുകയും ആചരിക്കുകയും ചെയ്യുന്നതാണ് സമയം, വർഷം എന്നിവ. ഇതര ജന്തുക്കൾക്ക് വർഷം ഇല്ല, മാസം ഇല്ല, അവ ഇതൊന്നും എണ്ണുന്നതുമില്ല. ദൈവം നിത്യനാണ്. ആ ദൈവത്തിന്റെ സമയത്തിലെ ഒരു ബിന്ദുവിനേക്കാൾ എത്രയോ ചെറുതാണ് നമ്മുടെ ഒരു വർഷം.

എന്നാൽ നമുക്ക് ദൈവം അനുവദിച്ചു തന്നിരുന്ന ഒരു വർഷം അതേ കഴിഞ്ഞുപോയ ഒരു വർഷം. അതിനെ നാം എങ്ങനെ ഉപയോഗിച്ചു എന്നത് പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞുപോയ സമയം നമുക്ക് തിരികെ കിട്ടുകയില്ല. കഴിഞ്ഞുപോയ സമയം നാം പാഴാക്കി കാണും. ഫലപ്രദമാക്കി ഉപയോഗിച്ചു കാണും. ദൈവത്തിൽ നിന്നും നന്മകൾ അനുഭവിച്ചുകാണാം. ചില തിന്മകൾ അനുഭവിച്ചിരിക്കാം. ഇവയെല്ലാം നോക്കി ഒരു ഭക്തനു പറയാനുള്ളത് ''എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറന്നുപോകരുത്''.

ഈ പുതുവർഷത്തിൽ പല തീരുമാനങ്ങളോടുകൂടെ ചില കണക്കുകൂട്ടലോടുകൂടെ ആണ് നാം കടന്നിരിക്കുന്നത്. അൽപം പോലും സമയം പാഴാക്കാതെ ദൈവം നൽകിയിരിക്കുന്ന കഴിവുകളെ ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചുകൊണ്ട് ജീവിക്കണം. നമ്മുടെ സ്വപ്നങ്ങൾ അത് ആയിരിക്കട്ടെ ! ലോകത്തിനുവേണ്ടി ചിന്തിക്കുന്നതിനേക്കാൾ, നമുക്കുവേണ്ടി ചിന്തിക്കുന്നതിനേക്കാൾ നിത്യതയ്ക്കുവേണ്ടി ചിന്തിച്ചും പ്രവർത്തിച്ചും ഈ വർഷം നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാക്കി തീർക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

സുവാർത്താ വായനക്കാർക്ക് ദൈവാനുഗ്രഹപൂർണ്ണമായ പുതുവത്സരാശംസകൾ നേർന്നു കൊള്ളുന്നു.



***Pastor P. Joy***